DISPATCHED
On 01/04/2022

30/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 55(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 1182/SIC-G4/2022)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 30**

ശ്രീ. കെ. പി. ജയരാജൻ,
ചന്തുകുട്ടി മന്ദിരം,
കരിവെള്ളൂർ പി.ഒ.,
കണ്ണൂർ – 670 521. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ,
കൊച്ചി – 682 016.

2) അപ്പീൽ അധികാരി &
ഫിനാൻസ് മാനേജർ,
കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ,
കൊച്ചി – 682 016.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/07/2021, 09/08/2021, 03/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 30/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 30/03/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.പി.ജയരാജൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം 67 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാലര മാസങ്ങൾക്ക് ശേഷമാണ് ഭാഗികമായ മറുപടിയും രേഖകളും ലഭിച്ചതെന്നും തുടർന്ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും

സമയപരിധി കഴിഞ്ഞാണ് മറുപടി നൽകിയതെന്നും ടിയാന്റെ അപേക്ഷയിലെ 29, 30, 37, 38, 39, 41, 44, 45, 46, 47, 50, 52, 53, 54 എന്നീ ഇനങ്ങൾക്ക് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ മേൽപ്പടി വിവരങ്ങൾ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ/പകർപ്പുകൾ നൽകണമെന്നാണ്:

i. 11.8.2020-ലെ 300-ാം നമ്പർ ഡയറക്ടർ ബോർഡ് മീറ്റിംഗിന് ശേഷം 14.4.2021 വരെ നടന്ന ഡയറക്ടർ ബോർഡ് മീറ്റിംഗുകളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളുടെയും അജണ്ട, അജണ്ടയോടൊപ്പമുള്ള രേഖകളുടെ പകർപ്പുകളും, ചെയർമാൻ ഒപ്പിട്ട മിനിറ്റ്സുകളുടെയും, തീരുമാനങ്ങളുടെയും പകർപ്പുകൾ നൽകണമെന്നും

ii. എം.ഡി. ശ്രീ. പി.എച്ച് അഷ്റഫിന് 16.1.2020-ൽ വാർഷിക ഇംക്രിമെന്റ് പാസ്സാക്കുന്നതിന് അവലംബിച്ച സർക്കാർ ഉത്തരവ് ജി.ഒ.(കൈ)നം.22/2020/അഗ്രി. തീയതി 20.2.2020 നമ്പർ ഉത്തരവിന്റെ പകർപ്പുകൾ നൽകണമെന്നും

iii. ഡെപ്യൂട്ടി ലേബർ കമ്മീഷണർ G.C.No.95/2018 & 341/18 ഉത്തരവ് പ്രകാരം ഗ്രാറ്റുവിറ്റി ഇനത്തിൽ അടച്ച തുകകളുടെ വിശദവിവരങ്ങൾ നൽകണമെന്നും മറ്റുമായി 67 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 13.07.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഭാഗികമായി ലഭ്യമാക്കുന്നതിലേക്കായി 556/- രൂപ ടി ഓഫീസിലോ, അടുത്തുള്ള വെയർഹൗസിലോ അടയ്ക്കേണ്ടതാണെന്നും ഫീ അടച്ച വിവരത്തിന്റെ രേഖ ടി ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് രേഖകളും വിവരങ്ങളും നൽകുന്നതാണെന്നുമാണ്. ആയതുപ്രകാരം 09.08.2021, 03.09.2021 എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന് വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിലെ 29, 30, 37, 38, 39, 41, 44, 45, 46, 47, 50, 52, 53, 54, 57 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 30.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ 29, 30 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി വിവരങ്ങൾ ഓഫീസ് ഫയലുകൾ പരിശോധിച്ച് ശേഖരിക്കുന്നതിനുള്ള അവസരം ഹർജിക്കാരൻ ആവശ്യപ്പെടുന്ന പക്ഷം

അനുവദിക്കണമെന്നും 37, 38, 39, 41, 44, 45, 46, 47, 50, 52, 53, 54 എന്നീ ഇനങ്ങൾക്ക് പി.ഐ.ഒ. നൽകിയ മറുപടി ശരിയാണെന്നും 57-ാം ഇനം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ 5 ദിവസത്തിനകം ടി വിവരം നൽകണമെന്നും പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ.പി.ജയരാജന്റെ 27.4.2021-ലെ അപേക്ഷ 29.4.2021-ന് എസ്.പി.ഐ.ഒ.യ്ക്ക് ലഭിച്ചുവെന്നും എന്നാൽ കോവിഡ് വ്യാപനം മൂലം മെയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ലോക്ഡൗൺ/ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ കോർപ്പറേഷന്റെ ഓഫീസ് ഉൾപ്പെടെ കോവിഡ് വ്യാപനമുണ്ടായ സാഹചര്യത്തിലാണ് വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി സമയബന്ധിതമായി നൽകുവാൻ കഴിയാതിരുന്നതെന്നും ആയത് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും അതിനുശേഷം ജൂലൈ മാസത്തിലും കോവിഡ് വ്യാപനം മൂലം ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയിരുന്നുവെങ്കിലും അപേക്ഷകന്റെ 67 ചോദ്യങ്ങളിൽ പരമാവധി ചോദ്യങ്ങൾക്കുള്ള മറുപടി രേഖകൾ വിവിധ സെക്ഷനുകളിൽ നിന്ന് ശേഖരിച്ച് 13.7.2021-ൽ ഡോക്യുമെന്റ് ഫീ ആയി 556/- രൂപ അടയ്ക്കുന്നതിനുള്ള കത്ത് അയച്ച പ്രകാരം 19.7.2021-ൽ ഫീസ് അടയ്ക്കുകയും ചെയ്തു എന്നും എന്നാൽ എസ്.പി.ഐ.ഒ.യുടെ കുടുംബത്തിന് കോവിഡ് ആയതിനാൽ 17.7.2021 മുതൽ 6.8.2021-വരെ ലീവായിരുന്നു എന്നും അതിന് ശേഷം 2 ദിവസങ്ങൾ പൊതു അവധിയായിരുന്നതിനാലും 9.8.2021-ൽ എസ്.പി.ഐ.ഒ. ഓഫീസിൽ ഹാജരായ അന്നുതന്നെ അപേക്ഷകന് രേഖകൾ അയച്ചു കൊടുത്തിട്ടുള്ളതാണെന്നും തുടർന്ന് ബാക്കിയുള്ള മറുപടി രേഖകൾ നൽകുന്നതിന് 128/- രൂപ ആവശ്യപ്പെട്ടുകൊണ്ട് 17.8.2021-ൽ കത്ത് നൽകിയ പ്രകാരം 24.8.2021-ൽ തുക ഒടുക്കുകയും കോവിഡ് വ്യാപനം മൂലം പല സെക്ഷനുകളിലും വേണ്ടത്ര ജീവനക്കാർ ഇല്ലാതിരുന്നിട്ടും രേഖകൾ ശേഖരിച്ച് 3.9.2021-ൽ അപേക്ഷകന് നൽകിയിട്ടുണ്ടെന്നും കോവിഡ് വൈറസ് വ്യാപനം മൂലം ലോക്ഡൗണും ജീവനക്കാരുടെ പരിമിതിയും ഉണ്ടായിരുന്നതിനാൽ അപേക്ഷകന്റെ 67 ചോദ്യങ്ങൾക്കുള്ള മറുപടി രേഖകൾ വിവിധ സെക്ഷനുകളിൽ നിന്ന് ശേഖരിക്കുക വളരെ ശ്രമകരമായിരുന്നുവെങ്കിലും പരമാവധി വേഗതയോടും കൃത്യതയോടെയും വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും അപേക്ഷയിലെ 29, 30 ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസ് ഫയലുകൾ പരിശോധിച്ച് ശേഖരിക്കാമെന്ന് അപേക്ഷകനെ അറിയിച്ചിട്ടും ടിയാൻ അതിന് തയ്യാറായില്ല എന്നും കോർപ്പറേഷനിൽ നിന്ന് തസ്തിക തിരിച്ച് ജീവനക്കാരുടെ പേര് വിവരങ്ങൾ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന് നൽകാറില്ല എന്നും ഓരോ

കാറ്റഗറിയിലുമുള്ള ജീവനക്കാരുടെ മൊത്തം എണ്ണം മാത്രമാണ് ഉൾക്കൊള്ളിക്കാറുള്ളതെന്നും അപേക്ഷയിലെ 37, 38, 39, 41, 44, 45, 46, 47, 50, 52, 53, 54 എന്നീ ചോദ്യങ്ങൾ ഒരു ജീവനക്കാരന്റെ ഡിസിപ്ലിനറി ആക്ഷൻ സംബന്ധിച്ച വിവരങ്ങളാണെന്നും കോർപ്പറേഷനിലെ ഒരു ജീവനക്കാരന് എതിരെ കോർപ്പറേഷൻ നടത്തിയ ഡിസിപ്ലിനറി ആക്ഷൻ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനായുള്ള പൊതുതാത്പര്യമുണ്ടെന്ന് ബോധ്യമാകാത്തതിനാലാണ് അത്തരത്തിൽ ഒരു മറുപടി നൽകിയതെന്നും എസ്.പി.ഐ.യുടെ മറുപടി പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും അപേക്ഷകൻ നിരന്തരം വളരെയധികം ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവരാവകാശ അപേക്ഷകൾ നൽകി കൊണ്ടിരിക്കുകയാണെന്നും അവയ്ക്കെല്ലാം കൃത്യമായി മറുപടി നൽകിയിട്ടുണ്ടെന്നും കോവിഡ് വ്യാപനം മൂലമാണ് വിവരങ്ങൾ നൽകുവാൻ കാലതാമസം നേരിട്ടതെന്നുമാണ്.

5. അപ്പീൽ ഹർജി ബന്ധപ്പെട്ട രേഖകൾ, നേരിൽ കേട്ട വേളയിൽ ഒന്നാം എതിർകക്ഷി ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ പരിശോധിച്ചു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആ നിലയിലുള്ള അവരുടെ ചുമതലകളും നിർവ്വഹിക്കേണ്ടുന്നത്. ആയതിനാൽ ഹർജിക്കാരൻ 67 ഓളം ഇനങ്ങളിലായി സമർപ്പിച്ച സുദീർഘമായ അപേക്ഷയ്ക്ക് മറുപടി തയ്യാറാക്കി നൽകുന്നത് ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ അത് ബാധിക്കുവാൻ ഇടയാകുന്നതാണ്. മാത്രമല്ല അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയുമല്ല. ബഹു. സുപ്രീംകോടതി ആദിത്യ ബന്ദോപദ്ധ്യായ Vs സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ എന്ന കേസ് തീർപ്പാക്കി പുറപ്പെടുവിച്ച വിധിന്യായത്തിൽ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിലേക്ക് മാത്രമായി ഒരു അധികാരസ്ഥാനത്തെ 75% ഉദ്യോഗസ്ഥരുടെയും 75% സമയവും ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകരുതെന്നും അത് പൊതുജനങ്ങൾക്ക് സാധാരണയായി ലഭിക്കേണ്ട സേവനങ്ങൾ സുഗമമായി നൽകുന്നതിൽ തടസ്സം

സൃഷ്ടിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഹർജിക്കാരൻ 67 ഇനങ്ങളിലായി സമർപ്പിച്ച സുദീർഘമായ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കുന്നതിനാവശ്യമായ രേഖകൾ എതിർകക്ഷി സ്ഥാപനത്തിന്റെ വിവിധ സെക്ഷനുകളിലെ ഫയലുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് നൽകേണ്ടതായതിനാലാണ് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടത് എന്നും ആയത് മന:പൂർവ്വമോ ബോധപൂർവ്വമോ ആയിരുന്നില്ല എന്നും കമ്മീഷന് ബോധ്യമാകുന്നതിനാൽ കാലതാമസം വരുത്തി മറുപടി നൽകിയ എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നില്ല. എന്നാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതെ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി എന്നിവ മറുപടിയിൽ ഉൾപ്പെടുത്തി 30.3.2016–ലെ 69503/സി.ഡി.എൻ.5/2015/ ജി.എ.ഡി. നമ്പർ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തി സമയബന്ധിതമായി വേണം വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകേണ്ടതെന്ന് കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

6. എതിർകക്ഷികൾ 13.7.2021, 9.8.2021, 3.9.2021, 13.12.2021 എന്നീ തീയതികളിൽ നൽകിയ മറുപടികളിൽ അപേക്ഷയിലെ 29, 30, 37, 38, 39, 41, 44, 45, 46, 47, 50, 52, 53, 54 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലാണ് ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതായി കാണുന്നത്. എന്നാൽ 29, 30 എന്നീ ഇനങ്ങൾക്കുള്ള വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവയായതിനാൽ ടി ഫയലുകൾ നേരിട്ട് പരിശോധിക്കാൻ രണ്ടാം എതിർകക്ഷി 3.12.2021–ലെ കത്ത് പ്രകാരം ഹർജിക്കാരന് അനുമതി നൽകിയിരുന്നതാണ്. എന്നാൽ ടി അവസരം ഹർജിക്കാരൻ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ടിയാൻ ആവശ്യപ്പെടുകയാണെങ്കിൽ ടി ഫയലുകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരു അവസരം കൂടി ഒന്നാം എതിർകക്ഷി ഹർജിക്കാരന് അനുവദിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ മറുപടി നൽകിയതിൽ അതൃപ്തി രേഖപ്പെടുത്തിയ മറ്റിനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് ശ്രീ.കെ.എൻ.ഗിരീഷ് എന്ന ജീവനക്കാരന്റെ അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്ന് കാണുന്നു. അച്ചടക്കനടപടി പൂർത്തിയാകുന്നതിന് മുൻപ് ആയതുമായി ബന്ധപ്പെട്ട വിവരം വെളിപ്പെടുത്തുന്നത് ആയത് അച്ചടക്കനടപടിയെ തടസ്സപ്പെടുത്തുന്നതിന് ഇടയാക്കുമെന്നതിനാലാണ് ടി ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരം എതിർകക്ഷികൾ നൽകാതിരുന്നത്. എന്നാൽ നിലവിൽ അച്ചടക്ക നടപടി പൂർത്തിയായിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗ് വേളയിൽ റിപ്പോർട്ട്

ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടതിൽ നൽകേണ്ടതായി ബാക്കി നിൽക്കുന്ന ഇനങ്ങൾക്കുള്ള മറുപടി 15.4.2022-നകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 30-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി